"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**നം.ഡിഎ1/357/2025-തസ്വഭവ**

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 26-09-2026

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ ധനകാര്യ ചട്ടങ്ങളും സ്റ്റോഴ്സ് പർച്ചേസ് ചട്ടങ്ങളും പൂർണമായും പാലിക്കുന്നതും കരാറുകൾ മുദ്രപത്രത്തിൽ തയ്യാറാക്കുന്നതും - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമ പഞ്ചായത്തിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച് ധനകാര്യ വകുപ്പ് നടത്തിയ പരിശോധനയുടെ 08.11.2024ലെ IW-B1/6/2024-FIN നമ്പർ റിപ്പോർട്ട്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.07.2026ലെ LSGD/PD/16211/2026-DPLA6 നമ്പർ കത്ത്

**********************

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 3, 4, 5 പട്ടികകളിൽ യഥാക്രമം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ, തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ചു നൽകുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ് എന്നും, ആസൂത്രണ മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലെങ്കിൽ പോലും അവയ്ക്കുവേണ്ടി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് 1994 ലും സമാന നിർദ്ദേശം ഉൾപ്പെടുന്നുണ്ട്.

2. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ (Status Report) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത് എന്നും, ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയതോതിലുള്ള വിന്യാസവും (thin spread of resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കണമെന്നും സൂചന 1, 2 മാർഗ്ഗരേഖകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ



File No. LSGD/JD/TVM/324/2026-C1 (Computer No. 630104)

Generated from eOffice by Sajida Beegum S, C1 JDTVM (LSGD), C1 JDTVM LSGD, JDTVM LSGD on 30/09/2026 12:33 PM

പ്രോജക്ടും ഡാറ്റാ എൻട്രി ചെയ്യുതിനു മുൻപ്, പ്രോജക്ടിൽ പ്രതിപാദിക്കുന്ന വികസന പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും ഉള്ളതാണ് എന്നും, പ്രോജക്ട് സാങ്കേതിക ക്ഷമത ഉള്ളതും പ്രായോഗികമായി നടപ്പിലാക്കാവുന്നതും ഗുണമേന്മയുള്ളതുമാണെന്നും, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത് എന്നും നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തണമെന്നും വ്യവസ്ഥയുണ്ട്.

3. നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ നിർവ്വഹണ രീതികളിലും നിർവ്വഹണ ഏജൻസിയുമായി/സ്ഥാപനവുമായി/ കരാറുകാരനുമായി തദ്ദേശഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയായും നിർവ്വചിച്ചിട്ടുണ്ട്.

4. ഇതിന് തുടർച്ചയായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിലും പരിപാലിക്കുന്നതിലും ചുവടെയുള്ള അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു;

- തദ്ദേശ സ്ഥാപനങ്ങളിലെ പദ്ധതികൾ ആവിഷ്കരിക്കുന്ന വേളയിൽ തന്നെ ആയതിന് ആവശ്യമായ സ്ഥലസൗകര്യം, ആവശ്യമായ ഉപകരണങ്ങൾ, ആവശ്യമായ തുക, മറ്റു പശ്ചാത്തല സൗകര്യങ്ങൾ എന്നിവ മുൻകൂട്ടി മനസിലാക്കി വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ആയത് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഒരു സ്ഥാപനവുമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾ പരമാവധി ഒരു പദ്ധതിയിൽ ഉൾപ്പെടുത്താനും, പദ്ധതി ആവിഷ്കരണത്തിലും നടപ്പാക്കലിലും പരിപാലനത്തിലും ധനകാര്യ ചട്ടങ്ങളും സ്റ്റോഴ്സ് പർച്ചേസ് ചട്ടങ്ങളും പൂർണമായും പാലിക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്.
- വാർഷികപദ്ധതിയിൽ നടപ്പിലാക്കുന്ന പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് ഏർപ്പെടുന്ന കരാറുകൾ എല്ലാം പൂർണ്ണവും വ്യക്തവും ആയിരിക്കണം. സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന എസ്റ്റിമേറ്റ് മൂല്യത്തിന്റെ അനുപാതത്തിലുള്ള മൂല്യത്തിലുള്ള മുദ്രപത്രത്തിലായിരിക്കണം കരാറുകൾ തയ്യാറാക്കേണ്ടത്.

ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്



File No. LSGD/JD/TVM/324/2026-C1 (Computer No. 630104)
Generated from eOffice by Sajida Beegum S, C1 JDTVM (LSGD), C1 JDTVM LSGD, JDTVM LSGD on 30/09/2026 12:33 PM

9. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (എ.ബി.) വകുപ്പ് (AB2/58/2025-LSGD)
24. ധനകാര്യ പരിശോധന (എൻ.ടി.-ബി) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.



File No. LSGD/JD/TVM/324/2026-C1 (Computer No. 630104)

Generated from eOffice by Sajida Beegum S, C1 JDTVM (LSGD), C1 JDTVM LSGD, JDTVM LSGD on 30/09/2026 12:33 PM